സമീറിന്റെ വധം

90 (1025) ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചൊക്ലി പോലീസ് സ്റ്റേഷൻ പരിധിയിൽ സമീർ എന്ന യുവാവ് കൊല്ലപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമീറിന്റെ കൊലപാതകത്തിന്റെ കാരണമെന്താണ് ;

(സി) ഈ കേസ് അന്വേഷിക്കുന്ന ഏജൻസി ഏതാണ് ;

(ഡി) ഈ കേസ്സിൽ ഇതുവരെ ഏതൊക്കെ പ്രതികളെ അറസ്റ്റു ചെയ്തു വെന്ന് വ്യക്തമാക്കാമോ ;

(ഇ) എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട് ; എന്ന് അറസ്റ്റ് ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർവ വൈരാഗ്യമാണെന്ന് കരുതപ്പെടുന്നു.

(സി) ലോക്കൽ പോലീസ്

(ഡി & ഇ) കേസന്വേഷണം നടന്നു വരുന്നു.

ഗിരീഷിന്റെ മരണം

91 (1026) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ വള്ളിക്കോട്ട് വില്ലേജിൽ കൈപ്പട്ടൂർ കരയിൽ വല്യത്ത് ഹരിജൻ സെറ്റിൽമെന്റ് കോളനിയിൽ താമസക്കാരനായ വല്ല്യത്ത് വീട്ടിൽ സി. നാരായണന്റെ മകൻ ഗിരിഷ് എന്ന ദളിത് യുവാവിനെ 3-11-2000-ൽ ആരോ കൊലചെയ്തതാണെന്ന് ആരോ പിച്ചുകൊണ്ടും കേസ് ക്രൈം ബ്രാഞ്ചിനെകൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഗിരീഷിന്റെ അച്ഛനിൽ നിന്നും എന്തെങ്കിലും നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ ;

(സി) കേസിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) കേസിന്റെ അന്വേഷണം ഇപ്പോൾ ആരാണ് നടത്തുന്നത് ;

(ഇ) കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly